**കേരള സർക്കാർ**

നം.364/ഡി.സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 26.07.2018

## സർക്കുലർ

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - -നവകേരളം കർമ്മപദ്ധതി- ആഗസ്റ്റ് 2,3 തീയതികളിലെ ദ്വിദിന ശില്പശാല-തൽസമയ സംപ്രേഷണവും ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നതും-സംബന്ധിച്ച്

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ലൈഫ്,ആർദ്രം, ഹരിതകേരളം,പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളുടെ വാർഷിക അവലോകനത്തിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുംവേണ്ടി 2018 ആഗസ്റ്റ് 2,3 തീയതികളിൽ തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെന്ററിൽ ദ്വിദിന ശില്പശാല നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. മിഷൻപ്രവർത്തനങ്ങളുടെ അവലോകനവും ഭാവിപരിപാടികളുടെ ആസൂത്രണവും താഴെത്തട്ടുവരെ എത്തിക്കുന്നതിനും ശില്പശാലയുടെ വിവിധ സെഷനുകൾ ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അവരുടെ തദ്ദേശ സ്ഥാപനത്തിൽ വീക്ഷിക്കുന്നതിനുമായി ദ്വിദിന ശില്പശാലയുടെ തൽസമയ സംപ്രേക്ഷണം വിക്ടേഴ്സ് ചാനൽവഴി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശില്പശാല വീക്ഷിക്കുന്നതോടൊപ്പം ഇതു സംബന്ധിച്ച ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചോദ്യങ്ങളും (Feedback) രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1.എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശില്പശാലയുടെ തൽസമയ സംപ്രേക്ഷണം വീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.കൈറ്റ് വിക്ടേഴ്സ് ചാനൽ പ്രധാനപ്പെട്ട എല്ലാ കേബിൾ ശൃംഖലകളിലും ലഭ്യമാണ്.(ഏഷ്യാനെറ്റ് ഡിജിറ്റൽ: ചാനൽ നമ്പർ-411. സിറ്റി ചാനൽ: ചാനൽ നമ്പർ-112, ഡെൻ നെറ്റ് വർക്ക്: ചാനൽ നമ്പർ-639, കേരള വിഷൻ: ചാനൽ നമ്പർ-42 തുടങ്ങിയവ)

2.ഏതെങ്കിലും പ്രദേശത്തെ കേബിൾ ശൃംഖലയിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ കേബിൾ ദാതാക്കളോട്

ആവശ്യപ്പെടേണ്ടതാണ്. ചാനൽ ലഭ്യമാകുന്നതിനുള്ള സാങ്കേതിക വിശദാംശങ്ങൾ -

ചാനൽ ഫ്രീക്വൻസി - 11666MHz
സിംബൽറേറ്റ് - 2000KSPS
പോളറൈസേഷൻ - വെർട്ടിക്കൽ
സാറ്റലൈറ്റ് - G-sat 18

3. ശില്പശാല സംബന്ധിച്ചുള്ള സംശയങ്ങളും ചോദ്യങ്ങളും webapp.ikm.gov.in/navakeralam എന്ന വെബ് സൈറ്റ് വഴി സമർപ്പിക്കാവുന്നതാണ്.ചോദ്യങ്ങൾ എഴുതി നൽകുമ്പോൾ തദ്ദേശ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റ് / ഡേറ്റാ എൻട്രി ഓപ്പറേറ്റർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ആയത് ഓൺലൈൻ ഫീഡ്ബാക്ക് ഫോമിൽ കൃത്യമായി രേഖപ്പെടുത്തി അയക്കേണ്ടതാണ്. ചോദ്യകർത്താവിന്റെ പേര്, ഔദ്യോഗികസ്ഥാനം, മൊബൈൽ നമ്പർ, ബന്ധപ്പെട്ട മിഷന്റെ പേര് എന്നിവ രേഖപ്പെടുത്തിയതിന് ശേഷമാണ് ചോദ്യങ്ങൾ സമർപ്പിക്കേണ്ടത്.ഇത് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനും ടെക്നിക്കൽ അസിസ്റ്റന്റും ഉറപ്പ് വരുത്തേണ്ടതാണ്.

4 ഏതെങ്കിലും കാരണത്താൽ ചാനൽ ലഭ്യമാകാതെവരുന്ന സാഹചര്യത്തിൽ ഇന്റർനെറ്റ് വഴി www.victers.itschool.gov.in എന്ന വെബ് സൈറ്റിലൂടെ ചാനൽ വീക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതും ആവശ്യമെങ്കിൽ പ്രൊജക്ടർ ഉപയോഗിച്ച് പ്രദർശിപ്പിക്കേണ്ടതുമാണ്. പ്ലേ സ്റ്റോറിൽ നിന്നും VICTERS എന്ന് നൽകി ഡൗൺലോഡ് ചെയ്യുന്ന മൊബൈൽ ആപ്പ് വഴിയും കൈറ്റ് വിക്ടേഴ്സ് തൽസമയം ലഭിക്കും.

5. ശില്പശാലയെ സംബന്ധിച്ചും അതിന്റെ തൽസമയ സംപ്രേക്ഷണത്തെ സംബന്ധിച്ചും ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനത്തെകുറിച്ചും ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും അറിയിപ്പ് നൽകുന്ന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്കാണ്.

6. ഗ്രാമ പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ശില്പശാല തൽസമയം കാണുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയത് സംബന്ധിച്ചും,ഇത് സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും തദ്ദേശ സ്ഥാപന സെക്രട്ടറി നൽകിയിട്ടുണ്ടെന്നുള്ള വിവരവും പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭ/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടത് യഥാക്രമം ഗ്രാമ വികസന കമ്മീഷണറും നഗരകാര്യ ഡയറക്ടറുമാണ്.

7. ശിൽപ്പശാല തൽസമയം വീക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും ഓൺലൈൻ ഫീഡ്ബാക്ക് നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുമായി തദ്ദേശ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ, ടെക്നിക്കൽ അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്ഥാപന സെക്രട്ടറി ഓഫീസ് ഉത്തരവ് ഇറക്കേണ്ടതാണ്.ഇത് സംബന്ധിച്ചവിവരം വിവിധ വകുപ്പുകളുടെ ജില്ലാ ഉദ്യോഗസ്ഥൻ വഴി വകുപ്പ് മേധാവികളെ അറിയിക്കേണ്ടതാണ്.

**സിന്ധു. എൽ**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്/ കൃഷി വകുപ്പ്/ ജലവിഭവ വകുപ്പ്/ ആരോഗ്യവകുപ്പ് / വിദ്യാഭാസ വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,ലൈഫ് മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ആർദ്രം മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.,ഹരിതകേരളം മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭാ അദ്ധ്യക്ഷർക്കും സെക്രട്ടറിമാർക്കും
( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഡയറക്ടർ, ഐ & പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് / കൃഷി വകുപ്പ്/ ജലവിഭവ വകുപ്പ്/ ആരോഗ്യവകുപ്പ് / വിദ്യാഭാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി മാരുടെ - പി.എ. യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ. യ്ക്ക്
4. .തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്